മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ആഗസ്റ്റ് 6

## വാർത്താക്കുറിപ്പ്

---

# അവക്കാഡോ ഗവേഷണ കേന്ദ്രം തുറക്കാൻ ധാരണ

മഹാത്മാഗാന്ധി സർവ്വകലാശാലയും അടിമാലിയിൽ നിന്നുള്ള ഫ്രൂട്ട്സ് വാലി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയും ചേർന്ന് അടിമാലിയിൽ അവക്കാഡോ ഗവേഷണ കേന്ദ്രം ആരംഭിക്കുവാൻ ധാരണയായി.

സർവ്വകലാശാലക്ക് വേണ്ടി രജിസ്ട്രാർ ഡോ. പ്രകാശ് കുമാറും ഫ്രൂട്ട്സ് വാലി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് വേണ്ടി ചെയർമാൻ അഡ്വ. ബിജു പറയന്നിലവും ധാരണാപത്രത്തിൽ ഒപ്പു വെച്ചു.

അവക്കാഡോ ഉൾപ്പെടെയുള്ള ഇറക്കുമതി വിഭാഗത്തിൽപ്പെട്ട പഴങ്ങൾ കേരളത്തിൽ വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കേണ്ടത് സംസ്ഥാനത്തെ കാർഷിക മേഖലയുടെ നിലനിൽപ്പിനു തന്നെ അത്യന്താപേക്ഷിതമാണെന്ന് ചടങ്ങിൽ പങ്കെടുത്ത സർവ്വകലാശാല വൈസ് ചാൻസലർ ഡോ. സാബു തോമസ് പറഞ്ഞു. റബ്ബർ, കുരുമുളക്, ഏലം തുടങ്ങിയ പ്രധാന വിളകൾ പ്രതിസന്ധി നേരിടുന്ന ഇന്നത്തെ സാഹചര്യത്തിൽ ആദായകരമായ വിദേശ ഇനങ്ങളിൽപ്പെട്ട പഴങ്ങൾ കൃഷി ചെയ്യുന്നതിന് കർഷകർ മുന്നോട്ടിറങ്ങണമെന്നും അദ്ദേഹം പറഞ്ഞു. വിവിധ രാജ്യങ്ങളിലെ കർഷക സ്നേഹികളുടെ പിന്തുണയോടെ പ്രവർത്തിക്കുന്ന ഫ്രൂട്ട്സ് വാലി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി, ഇറക്കുമതി ഇനങ്ങളിൽപ്പെട്ട പഴങ്ങളുടെ കൃഷിയെ പ്രോത്സാഹിപ്പിക്കുവാനും വിദേശത്തേക്ക് കയറ്റുമതി ചെയ്യുവാനും നൽകി വരുന്ന സംഭാവന ശ്ലാഘനീയമാണെന്നും അദ്ദേഹം പറഞ്ഞു. ഏറ്റവും മേന്മയുള്ള അവക്കാഡോ ഫ്രൂട്ട് ഉത്പാദിപ്പിക്കുവാൻ കർഷകർക്ക് വേണ്ട എല്ലാ സഹായവും സർവ്വകലാശാലാ ഗവേഷണ വിഭാഗത്തിൽ നിന്ന് ലഭ്യമാക്കുമെന്നും അദ്ദേഹം വാഗ്ദാനം ചെയ്തു.

അവക്കാഡോ, റംബുട്ടാൻ, മാങ്കോസ്റ്റീൻ, ഫാഷൻ ഫ്രൂട്ട് തുടങ്ങിയവയുടെ കൃഷിക്ക് കർഷകരെ പ്രോത്സാഹിപ്പിക്കുമെന്നും ഈ വിഭാഗങ്ങളിൽപ്പെട്ട പഴങ്ങൾക്ക് വിപണിയിൽ വിലസ്ഥിരത ഉറപ്പുവരുത്തുന്നതിന് സഹായകമാകും വിധം അവ വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനും, അവയുടെ മൂല്യവർദ്ധിത ഉത്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനും ഫ്രൂട്ട്സ് വാലി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി നേതൃത്വം നൽകുമെന്നും അഡ്വ. ബിജു പറയന്നിലം പറഞ്ഞു. സർവ്വകലാശാല ഫിനാൻസ് ഓഫീസർ ബിജു മാത്യു, സ്കൂൾ ഓഫ് ബയോസയൻസ് ഡയറക്ടർ ഡോ. ജിഷ എം.എസ്., സ്കൂൾ ഓഫ് ബയോസയൻസ് പ്രൊഫസ്സർ ഡോ. ജെ.ജി. റേ, ഐ.ക്യു.എ.സി. ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബ്, ഡോ. ലിനു മാത്യു, ഫ്രൂട്ട്സ് വാലി

കമ്പനിയെ പ്രതിനിധീകരിച്ച് രഞ്ജിത്ത് ജോസഫ് (ദുബായ്), വർഗീസ് തമ്പി (ആഫ്രിക്ക), ജോസഫ് മാത്യു (സിംഗപ്പൂർ), ജോയ് ഇലവത്തിങ്കൽ (ഖത്തർ), ജോസി കൊച്ചുകുടി, ചിന്തു ജോസ്, അഞ്ജു മാത്യു തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ:** മഹാത്മാഗാന്ധി സർവ്വകലാശാലയും ഫ്രൂട്ട്സ് വാലി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയും ഒപ്പു വച്ച ധാരണാപത്രം വൈസ് ചാൻസലർ സാബു തോമസും ഫ്രൂട്ട്സ് വാലി ചെയർമാൻ അഡ്വ. ബിജു പറയന്നിലവും കൈമാറുന്നു. ഡോ. ജെ.ജി. റേ, ഡോ. ലിനു മാത്യു, ഡോ ജിഷ എം.എസ്., ബിജു മാത്യു, ഡോ. പ്രകാശ് കുമാർ, രഞ്ജിത്ത് ജോസഫ്, വർഗീസ് തമ്പി, ജോസഫ് മാത്യു, ജോയ് ഇലവത്തിങ്കൽ, ജോസി കൊച്ചുകുടി, ചിന്തു ജോസ്, അഞ്ജു മാത്യു എന്നിവർ സമീപം.

(പി.ആർ.ഒ./39/1093/2022)

## എം.ജി. പി.ജി. ഏകജാലകം: തീയതി നീട്ടി

സാധ്യതാ അലോട്ട്മെന്റിന് ശേഷമുള്ള ഓപ്ഷൻ പുനഃക്രമീകരണവും തിരുത്തലുകളും പുതിയ രജിസ്ട്രേഷനും ആഗസ്റ്റ് എട്ടിന് അഞ്ച് മണി വരെ നടത്താം.

(പി.ആർ.ഒ./39/1094/2022)

## പുതുക്കിയ പരീക്ഷാ ടൈംടേബിൾ

ജൂലൈ 26 ന് ആരംഭിച്ച മൂന്നാം സെമസ്റ്റർ എം.എസ്.സി. (സി.എസ്.എസ്.) (2018, 2017, 2016 അഡ്മിഷനുകൾ - സപ്ലിമെന്ററി / 2015, 2014, 2013, 2012 അഡ്മിഷനുകൾ - മെഴ്സി ചാൻസ്) ജൂലൈ 2022 ബിരുദാനന്തര ബിരുദ പരീക്ഷയുടെ ടൈംടേബിൾ കൂടുതൽ പേപ്പറുകൾ ഉൾപ്പെടുത്തി പുതുക്കിയിരിക്കുന്നു. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1095/2022)

ഏപ്രിൽ 25 ന് നടത്താൻ നിശ്ചയിച്ച് പിന്നീട് മാറ്റി വച്ച മൂന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ്, എം.എസ്.സി. ഇൻഡസ്ട്രിയൽ കെമിസ്ട്രി (2020 അഡ്മിഷൻ - റഗുലർ / 2019 അഡ്മിഷൻ - സപ്ലിമെന്ററി - സി.എസ്.എസ്.) ബിരുദാനന്തര ബിരുദ പരീക്ഷകൾ ആഗസ്റ്റ് 12 ന് ആരംഭിക്കും. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1096/2022)

## അപേക്ഷാ തീയതി

നാലാം സെമസ്റ്റർ സി.ബി.സി.എസ്. (2020 അഡ്മിഷൻ - റെഗുലർ), സൈബർ ഫോറൻസിക് (2020 അഡ്മിഷൻ - റഗുലർ) പരീക്ഷകൾക്ക് പിഴയില്ലാതെ ആഗസ്റ്റ് 11 മുതൽ 17 വരെയും പിഴയോടു കൂടി ആഗസ്റ്റ് 18 മുതൽ 20 വരെയും സൂപ്പർഫൈനോടു കൂടി ആഗസ്റ്റ് 22 നും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1097/2022)

നാലാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ. / ബി.കോം. (സി.ബി.സി.എസ്. - 2020 അഡ്മിഷൻ - റഗുലർ), മൂന്ന്, നാല് സെമസ്റ്റർ (സി.ബി.സി.എസ്. - 2019, 2018, 2017 അഡ്മിഷൻ -

റീ-അപ്പിയറൻസ്) ബിരുദ പരീക്ഷകൾക്ക് പിഴയില്ലാകെ ആഗസ്റ്റ് 11 മുതൽ 17 വരെയും പിഴയോടു കൂടി ആഗസ്റ്റ് 18 മുതൽ 20 വരെയും സൂപ്പർഫൈനോടു കൂടി ആഗസ്റ്റ് 22 നും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1098/2022)

ആഗസ്റ്റ് 12 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എസ്.ഡബ്ല്യൂ. (സി.എസ്.എസ്. - 2020 അഡ്മിഷൻ) ബിരുദാനന്തര ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ ആഗസ്റ്റ് എട്ട് വരെയും പിഴയോടു കൂടി ആഗസ്റ്റ് ഒൻപതിനും സൂപ്പർഫൈനോടു കൂടി ആഗസ്റ്റ് 10 നും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1099/2022)

## പരീക്ഷാ തീയതി

മൂന്ന്, നാല് സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ - എം.എ. / എം.എസ്.സി./ എം.കോം. (2018, 2017, 2016 അഡ്മിഷനുകൾ - സപ്ലിമെന്ററി / 2015, 2014 അഡ്മിഷനുകൾ - മെഴ്സി ചാൻസ്) ബിരുദാനന്തര ബിരുദ പരീക്ഷകൾ യഥാക്രമം ആഗസ്റ്റ് 22, സെപ്റ്റംബർ 13 തീയതികളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1100/2022)

## പ്രാക്ടിക്കൽ പരീക്ഷ

ഒന്നാം സെമസ്റ്റർ ബി.വോക് - അഗ്രോ ഫുഡ് പ്രോസസ്സിംഗ് (പുതിയ സ്കീം - 2021 അഡ്മിഷൻ - റഗുലർ) ബിരുദ പരീക്ഷ ജൂൺ 2022 പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 12, 16 തീയതികളിൽ കാഞ്ഞിരപ്പള്ളി, സെന്റ് ഡൊമിനിക് കോളേജിൽ വച്ച് നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1101/2022)

ഒന്നാം സെമസ്റ്റർ ബി.വോക്ക് ബിസിനസ്സ് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ, അപ്ലൈഡ് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ (2021 അഡ്മിഷൻ - റഗുലർ - പുതിയ സ്കീം) ജൂൺ 2022 ബിരുദ പരീക്ഷയുടെ പ്രായോഗിക പരീക്ഷകൾ അതത് കേന്ദ്രങ്ങളിൽ വച്ച് ആഗസ്റ്റ് 10 മുതൽ 17 വരെ നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1102/2022)

ആറാം സെമസ്റ്റർ ബി.എച്ച്.എം. (2018 അഡ്മിഷൻ - റഗുലർ / 2014-2017 അഡ്മിഷൻ - സപ്ലിമെന്ററി / 2013 അഡ്മിഷൻ - മെഴ്സി ചാൻസ്) ആഗസ്റ്റ് 2022 പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷൻ, വൈവാ വോസി പരീക്ഷകൾ ആഗസ്റ്റ് 16, 17 തീയതികളിൽ പാലാ, സെന്റ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയിൽ വച്ച് നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ

(പി.ആർ.ഒ./39/1103/2022)

2022 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ ഐ.എം.സി.എ. (ന്യൂ സ്കീം - 2020 അഡ്മിഷൻ - റഗുലർ / 2019, 2018, 2017 അഡ്മിഷനുകൾ - സപ്ലിമെന്ററി), ഡി.ഡി.എം.സി.എ. (2014-2016 അഡ്മിഷനുകൾ -

സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 12 മുതൽ അതത് കോളേജുകളിൽ വച്ച് നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1104/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**